**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 108** **19-06-2024 - ൽ മറുപടിയ്ക്ക്**

**റീസർവെയിലെ തെറ്റുകൾ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റീസർവേ നടപടികൾ നിലവിൽ ഏതു ഘട്ടത്തിലാണ്; റീസർവേയിൽ വ്യാപകമായി തെറ്റുകൾ വന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ഡിജിറ്റൽ സർവെയുടെ ഒന്നാം ഘട്ടത്തിൽ തിരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളിൽ 167 വില്ലേജുകളും, രണ്ടാംഘട്ടത്തിൽ തിരഞ്ഞെടുത്തിട്ടുള്ള 8 വില്ലേജുകളും ചേർത്ത് ആകെ 175 വില്ലേജുകളിൽ ഫീൽഡ് സർവെ പൂർത്തിയാക്കി സർവെ അതിരടയാള നിയമത്തിലെ സെക്ഷൻ 9(2) പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളിൽ അവശേഷിക്കുന്ന വില്ലേജുകളുടെ സർവെ ചുരുങ്ങിയ ദിനങ്ങൾ കൊണ്ട് പൂർത്തീകരിക്കുവാൻ കഴിയുന്നതാണ്.<br>റീസർവെയിൽ വ്യാപകമായി തെറ്റുകൾ വന്നതായി പരാതികൾ ലഭിച്ചിട്ടില്ല. പൂർണ്ണമായും പൊതുജന പങ്കാളിത്തത്തോടെയാണ് സംസ്ഥാനത്തിന്റെ അഭിമാന പദ്ധതിയായ ‘എൻറെ ഭൂമി’ എന്ന ഡിജിറ്റൽ സർവെ പദ്ധതി നടപ്പാക്കിവരുന്നത്. മുൻ സർവെ നടപടികളിൽ നിന്ന് വ്യത്യസ്തമായി സർവെയ്ക്ക് മുന്നോടിയായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, റവന്യൂ വകുപ്പ് എന്നിവ സംയുക്തമായി വില്ലേജ് അടിസ്ഥാനത്തിൽ ‘സർവെ സഭകൾ’ ചേരുകയും പ്രസ്തുത വില്ലേജിന്റെ സർവെ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട വ്യക്തതകൾ നൽകുകയും, പൂർണ്ണമായ ജനപങ്കാളിത്തം അഭ്യർത്ഥിക്കുകയും ചെയ്തുകൊണ്ടാണ് സർവെ പ്രക്രിയകൾക്ക് തുടക്കം കുറിക്കുന്നത്. കൂടാതെ സർവെ നടക്കുമ്പോൾ ഭൂ ഉടമകൾ സ്ഥലത്ത് ഉണ്ടാവാതെ വരുന്നത് നിമിത്തം അവരുടെ വ്യക്തമായ വിശദാംശങ്ങൾ ശേഖരിക്കാതെ സർവെ നടത്തിയതിനാൽ മുൻപ് വ്യാപക പരാതികൾ സർവെ നടപടികളിൽ പ്രതിഫലിച്ചിരുന്നു. എന്നാൽ ഇപ്പോൾ അത്തരത്തിലുള്ള പരാതികൾക്ക് പരിഹാരം |

| | | | |
|---|---|---|---|
| | | | കാണുന്നതിലേക്കായി പ്രിന്റ്, വിഷ്വൽ മീഡിയ, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ എന്നിവ പ്രയോജനപ്പെടുത്തി വ്യാപകമായ രീതിയിൽ ബോധവത്ക്കരണ പ്രവർത്തനങ്ങൾ ഡിജിറ്റൽ സർവെയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.<br>ഇത്തരത്തിൽ ഡിജിറ്റൽ സർവെ നടപ്പിലാക്കിയ ആദ്യ 15 വില്ലേജുകളിൽ സർവെ അതിരടയാള നിയമത്തിലെ സെക്ഷൻ9 (2) പ്രസിദ്ധീകരിച്ചപ്പോൾ 170305 ലാൻഡ് പാർസലുകളിലായി ആകെ 20,893 എണ്ണം (12.27%) പരാതികൾ ലഭ്യമായിരുന്നു. എന്നാൽ അവ സമയബന്ധിതമായി പരിഹരിക്കുകയും, തുടർന്ന് ഇത്തരം പരാതികൾ ഗണ്യമായി കുറയ്ക്കുവാൻ ഉതകും വിധമുള്ള നടപടികൾ വകുപ്പ് കൈക്കൊള്ളുകയും ചെയ്തിരുന്നു. പ്രധാനമായും വാർഡ് അടിസ്ഥാനത്തിൽ പ്രീ 9(2) ക്യാമ്പുകൾ നടപ്പിലാക്കിയതിനാൽ പരാതികൾ ഉള്ളവ അടിയന്തിരമായി തന്നെ പരിഹരിക്കാൻ കഴിഞ്ഞിരുന്നു. കൂടാതെ വാർഡ് തലത്തിൽ ലോക്കൽ വോളണ്ടിയർമാരെ ഉൾപ്പെടുത്തി 'സർവെ ജാഗ്രത സമിതികൾ' രൂപീകരിച്ച് സർവെ പരാതികൾ പരിഹരിക്കാൻ വേണ്ട നടപടികൾ ഏറ്റവും കാര്യക്ഷമമായി വകുപ്പ് കൈക്കൊണ്ടു. അതിലുപരിയായി സർവെ നടത്തുന്ന അവസരത്തിൽ തന്നെ ഭൂ ഉടമയെ സർവെ ചെയ്ത റെക്കോർഡുകൾ കാണിച്ചു ബോധ്യപ്പെടുത്തിയാണ് ഡിജിറ്റൽ സർവെ നടപടികൾ മുന്നോട്ടുപോകുന്നത്. ഇത്തരം നടപടികൾ സ്വീകരിച്ചതിന് ശേഷം സർവ്വെ അതിരടയാള നിയമത്തിലെ സെക്ഷൻ 9(2) പ്രസിദ്ധീകരിച്ച 167 വില്ലേജുകളിൽ 4,558 ALC (Appeal and Land Complaints) പരാതികൾ മാത്രമാണ് നാളിതുവരെ വന്നിട്ടുള്ളത് (0.2 % മാത്രം). അവകൂടി പരിഹരിച്ചതിന് ശേഷമാണ് അന്തിമമായി സർവ്വെ അതിരടയാള നിയമത്തിലെ സെക്ഷൻ 13 പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുക. ഇതിൽ നിന്നും സർവെയിൽ നിലവിൽ വ്യാപകമായ പരാതി ഇല്ല എന്നതും, പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന പരാതികൾ കുറക്കുന്നതിനു കൈക്കൊണ്ട നടപടികളുടെ ഫലപ്രാപ്തിയും വ്യക്തമാകുന്നു. |
| (ബി) | റീസർവേ നടപടികൾക്കായി കൈക്കൂലി ആവശ്യപ്പെടുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എറണാകുളം ജില്ലയിൽ ഡിജിറ്റൽ സർവെ ജോലികൾക്കായി കൈക്കൂലി വാങ്ങിയത് ശ്രദ്ധയിൽ വരികയും ഉടൻ അന്വേഷണം നടത്തി കുറ്റക്കാരിയായ ഫസ്റ്റ് ഗ്രേഡ് സർവെയറെ 08/05/2024 ന് അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്യുകയും കരാർ അടിസ്ഥാനത്തിൽ ജോലി |

| | | | |
|---|---|---|---|
| | | | നോക്കിയിരുന്ന ആളിനെ പിരിച്ചു വിടുകയും ചെയ്തിട്ടുണ്ട്. |
| (സി) | റീസർവേയിലെ തെറ്റുകൾ സമയബന്ധിതമായി തീർപ്പാക്കാൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന എന്തെല്ലാം നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? | (സി) | പൂർണ്ണ ജനപങ്കാളിത്തത്തോടെയാണ് ഡിജിറ്റൽ സർവെ നടത്തുന്നത്. പദ്ധതി സംബന്ധിച്ച വിവരം ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും, ഡിജിറ്റൽ സർവെയുടെ പ്രാധാന്യത്തെ കുറിച്ച് വിശദീകരിക്കുന്നതിനും, ഭൂ സംബന്ധമായ ആശങ്കകൾ പരിഹരിക്കുന്നതിനും തെരഞ്ഞെടുത്ത വില്ലേജുകളിലെ എല്ലാ വാർഡുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പെഷ്യൽ ഗ്രാമ സഭകളായി സർവെ സഭകൾ സംഘടിപ്പിച്ച് ഡിജിറ്റൽ സർവെ പദ്ധതിയെ സംബന്ധിച്ച് വിശദീകരിച്ച് നൽകുന്നു. കൂടാതെ സർവെ സംബന്ധമായ സംശയങ്ങൾക്ക് മറുപടി നൽകുന്നതിനായി 1800-4255-080 എന്ന ടോൾഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുള്ളതുമാണ്. ഡിജിറ്റൽ സർവെയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും സർവെ സംബന്ധിച്ച് പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനും "എന്റെ ഭൂമി" എന്ന ഓൺലൈൻ പോർട്ടലും വകുപ്പ് സജ്ജീകരിച്ചിട്ടുള്ളതും സർവെ വിവരം ഭൂവുടമകളുടെ മൊബൈൽ ഫോണിൽ SMS ആയി നൽകുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുള്ളതുമാണ്.<br>ഡിജിറ്റൽ സർവെ പദ്ധതിയുടെ ആദ്യഘട്ടം മുതൽ എല്ലാ നടപടികളും എറ്റവും സുതാര്യമാക്കുക എന്ന ലക്ഷ്യത്തോടെ പൂർണ്ണമായും സോഫ്റ്റ് വെയർ അധിഷ്ഠിതമായാണ് പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത വില്ലേജുകളുടെ മാപ്പുകളും, അനുബന്ധ വിവരങ്ങളും "എന്റെ ഭൂമി" (https://entebhoomi.kerala.gov.in) പോർട്ടലിൽ ഓൺലൈനായോ, ബന്ധപ്പെട്ട ക്യാമ്പ് ഓഫീസ് സന്ദർശിച്ചോ റിക്കാർഡുകൾ പരിശോധിക്കാവുന്നതാണ്. കേരള സർവെ അതിരടയാള നിയമ പ്രകാരം സെക്ഷൻ 9(2) പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട വില്ലേജുകളിലെ എല്ലാ വാർഡ് തലത്തിലും പൊതുജനങ്ങൾക്ക് റിക്കാർഡുകൾ പരിശോധിക്കുന്നതിന് പ്രദർശിപ്പിക്കുകയും, ആയത് പരിശോധിച്ച് ശ്രദ്ധയിൽപ്പെടുന്ന ആക്ഷേപങ്ങൾ പരിഹരിച്ച് മുന്നോട്ട് പോകുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.<br>ഓരോ വില്ലേജിലും ഡിജിറ്റൽ സർവെ പൂർത്തിയാക്കി സർവെ അതിരടയാള നിയമം സെക്ഷൻ 9(2) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ച് ഒരു മാസ കാലയളവിൽ പ്രസ്തുത റിക്കാർഡുകൾ പൊതുജനങ്ങൾക്ക് പരിശോധിക്കാൻ |

| | | | |
|---|---|---|---|
| | | | അവസരമുള്ളതും റിക്കാർഡുകളിന്മേൽ പരാതി ഉണ്ടെങ്കിൽ ആയത് സെക്ഷൻ 9(2) പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം നേരിട്ടോ, ''എന്റെ ഭൂമി'' പോർട്ടലിൽ മുഖേന ഓൺലൈനായോ ആക്ഷേപം സമർപ്പിക്കാവുന്നതുമാണ്. ഇത്തരത്തിൽ കുറ്റമറ്റ രീതിയിൽ റെക്കോർഡുകൾ തയ്യാറാക്കുന്ന നടപടികൾ ഡിജിറ്റൽ സർവെയിൽ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ